## കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് ശ്രീ. അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി നമ്പർ 4018/11/12/2023/ TVM**

പരാതിക്കാർ : തിരുമല വില്ലേജിൽ കുണ്ടമൺകടവ് നിവാസികൾ
ശ്രീ. ഷെർബിൻ
ഉന്നതി, ഡി.എൻ.ആർ.എ-105,
കുണ്ടമൺഭാഗം, തിരുമല.പി.ഒ,
തിരുവനന്തപുരം.

എതിർകക്ഷി :

**ഉത്തരവ് തീയതി 2024 ഒക്ടോബർ 8**

പരാതികക്ഷികളുടെ വീടുകളുടെ സമീപത്തായി കുണ്ടമൺകടവ് ദേവീക്ഷേത്രം സ്ഥിതിചെയ്യുന്നതായും, ടി ക്ഷേത്രത്തിൽ വെടിവഴിപാട് വർഷങ്ങളായി നടന്നുവരുന്നതായും, ആദ്യകാലങ്ങളിൽ സമീപവാസികൾക്ക് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ ക്ഷേത്രത്തിൽ വെടിവഴിപാട് നടത്തിയിരുന്നതായും എന്നാൽ കുറച്ചു നാളുകൾ ആയി ക്ഷേത്രത്തിന്റെ മുൻവശങ്ങളിൽ നിന്നും പിൻവശത്തായി ജനവാസ മേഖലയിലേക്ക് ടി വെടിവഴിപാട് മാറ്റിയത് കാരണം ശബ്ദവും, കരിമരുന്നിന്റെ പുകയും ഗന്ധവും സ്വാഭാവിക ജീവിതത്തിന് വളരെ അധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും മറ്റുമാണ് പരാതിസംഗതി.

ടി പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ 26-6-2024-ലെ റിപ്പോർട്ട് സമർപ്പിച്ചു. ടി റിപ്പോർട്ടിൽ വട്ടിയൂർക്കാവ് സ്റ്റേഷൻ ഹൗസ് ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, കുണ്ടമൺ ഭാഗം ദേവീക്ഷേത്രത്തിലെ പ്രധാന വഴിപാടായ വെടിവഴിപാട് ആദ്യകാലങ്ങളിൽ ക്ഷേത്രത്തിനു മുൻവശം മെയിൻ റോഡിന്റെ വശത്തും പിന്നീട് ക്ഷേത്ര കോമ്പൊണ്ടിനുള്ളിലും നടന്നു വന്നിരുന്നതും, 2018 മുതൽ ക്ഷേത്ര കോമ്പൗണ്ടിൽ നിന്ന് 100 മീറ്റർ മാറി വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ക്ഷേത്രം വക പുരയിടത്തിൽ നിർമ്മിച്ച വെടിപ്പുരയിലേക്ക് മാറ്റുകയും ചെയ്തിട്ടുള്ളതും 2021 മാർച്ച് 31 വരെ അവിടെ തുടർന്നിട്ടുള്ളതുമാണെന്നും, എന്നാൽ തുടർന്ന് ലൈസൻസ് പുതുക്കി കിട്ടുന്നതിന് താമസം നേരിട്ടതിനെ തുടർന്ന് വെടിവഴിപാട് വീണ്ടും പൂജപ്പുര പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ക്ഷേത്ര കോമ്പൗണ്ടിനുള്ളിലേക്ക് മാറ്റുകയും ലൈസൻസ് ലഭിക്കാത്തതിനാൽ വട്ടിയൂർക്കാവ്

പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വെടിപ്പുരയിൽ വെടിവഴിപാട് നടത്തുകയോ മാഗസിനിൽ വെടിമരുന്നു സൂക്ഷിക്കുകയോ ചെയ്തുവരുന്നില്ല എന്നും നിലവിൽ വെടിവഴിപാട് നടന്നു വരുന്നത് പൂജപ്പുര പോലീസ് സ്റ്റേഷൻ പരിധിയിലെ ക്ഷേത്ര കോമ്പൗണ്ടിനുള്ളിലാണെന്നും ബോധ്യപ്പെട്ടിട്ടുള്ളതായും ഈ സാഹചര്യത്തിൽ മേൽ വിഷയം സംബന്ധിച്ച് ശാശ്വത പരിഹാരം കാണുന്നതിലേക്കായി പരാതികക്ഷിയെയും, ക്ഷേത്രസെക്രട്ടറിയെയും, പോലീസിനെയും നേരിൽ കേട്ട് തീരുമാനം എടുക്കുന്നതിന് 04-07-2024-ൽ ഒരു യോഗം വിളിച്ചിട്ടുള്ളതാണെന്നും പ്രസ്തുത യോഗത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 8-10-2024 തീയതി പരാതികക്ഷി ഹാജരാകുകയോ റിപ്പോർട്ടിന്മേൽ ആക്ഷേപം നൽകുകയോ ചെയ്തിട്ടില്ല. 04-07-2024-ൽ കൂടിയ യോഗതീരുമാനപ്രകാരമുള്ള കാര്യങ്ങളിൽ തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് ജില്ലാ കളക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കുക.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ